എഗ്ഗിലെ സെൻറ് ആൻറണീസ് പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സിസിലിയൻ ക്വയറിന് ( Cäcilienchor) നൂറിലേറെ വര്ഷങ്ങളുടെ പാരമ്പര്യം അവകാശപ്പെടാനുണ്ട്. പരമ്പരാഗതമായി സംഗീതാത്മകമായ വിശുദ്ധകുർബ്ബാനകളും ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ പ്രധാന ആഘോഷങ്ങളും സിസിലിയൻ ക്വയർ സംഗീതസാന്ദ്രമാക്കുന്നു.

ഞങ്ങളുടെ ഗായകസംഘത്തിലെ അംഗങ്ങൾ വ്യത്യസ്ത പ്രായത്തിലുള്ളവരും, തങ്ങളുടെ താല്പര്യങ്ങളിലും അഭിരുചികളിലും വ്യത്യസ്തത പുലർത്തുന്നവരുമാണെങ്കിലും സംഗീതത്തോടും ആലാപനത്തോടുമുള്ള താല്പര്യം ഞങ്ങളെ ഒരുമിപ്പിക്കുന്നു.

ഈ ബഹുസ്വരത ഞങ്ങളുടെ ഗാനങ്ങളെ മധുരതരമായ ഈണങ്ങളാൽ നിറയ്ക്കുന്നു.  അതുകൊണ്ട് ഞങ്ങളുടെ ടീമിനെ ശക്തിപ്പെടുത്തുന്നതിനായി ഞങ്ങൾ അർപ്പണബോധമുള്ള പുതിയ ഗായകരെ തേടുന്നു.  ഒന്ന് പരിചയപ്പെടുന്നതിനായി ഞങ്ങളുടെ സംഗീത റിഹേഴ്സൽ ക്ളാസ്സുകളിലേക്കു കടന്നുവരൂ. നിങ്ങൾക്കും ഞങ്ങളോടൊപ്പംചേർന്ന് ആരാധനകളെയും ആഘോഷങ്ങളെയും സംഗീതസാന്ദ്രമാക്കാം.

സ്കൂൾ അവധിക്കാലങ്ങളിലൊഴികെ ചൊവ്വാഴ്ച്ച വൈകുന്നേരങ്ങളിൽ 19.30 മുതൽ 21.30 വരെ എഗ്ഗിലെ സെൻറ്. അന്തോണിയോസ് പള്ളി പാരീഷ് ഹാളിൽ വച്ചാണ് റിഹേഴ്സലുകൾ നടക്കുന്നത്.  താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി താഴെപ്പറഞ്ഞിരിക്കുന്ന നമ്പരിൽ വിളിക്കുക.